# 'കണ്ണാ'ണ് നമ്മുടെ ആയുർവേദ കോളേജ്

▸ സജിനി.ജി

തിരുവനന്തപുരം: ആയുർവേദ കോളേജിലെ നേത്രരോഗവിഭാഗത്തിൽ തിരക്കേറുന്നു. നൂറിലധികം പേരാണ് ദിവസവും കാഴ്ചപ്രശ്നങ്ങളുമായി ഇവിടെ എത്തുന്നത്. പരിചയസമ്പന്നരായ ഡോക്ടർമാർ നൽകുന്ന മികച്ച ചികിത്സയാണ് ഇതിന് പ്രധാന കാരണം. 40 വർഷമായി ആയുർവേദാശുപത്രിയിൽ കണ്ണ് രോഗവിഭാഗം പ്രവർത്തിക്കുന്നുണ്ടെങ്കിലും അടുത്തകാലത്താണ് തിരക്കുകൂടിയത്. ഡയബറ്റിക് റെറ്റിനോപ്പതി, ഗ്ലോക്കോമ, കുട്ടികളിലെ നേത്ര വൈകല്യങ്ങൾ എന്നിവയാണ് പ്രധാന വിഭാഗങ്ങൾ. ഡയബറ്റിക് റെറ്റിനോപ്പതിക്ക് ചികിത്സതേടിയാണ് കൂടുതൽപ്പേർ എത്തുന്നത്. ഈ രോഗത്തിന്റെഎല്ലാ ഘട്ടങ്ങളുടെയും ചികിത്സ ഇവിടെ ലഭിക്കും. ചെലവ് താരതമ്യേന കുറവാണ്.

അൻപതുപേരെ കിടത്തിചികിത്സിക്കാനുള്ള സൗകര്യവും ഇവിടെയുണ്ട്. ഒപ്പം എല്ലാവിധ സൗകര്യങ്ങളുമുള്ള ഓപ്പറേഷൻ തിയേറ്ററും .


മരുന്നുകൾ, എണ്ണകൾ, ലേപനങ്ങൾ, ധാര എന്നിവയിലൂടെ കണ്ണിന്റെ പ്രശ്നങ്ങൾ മാറ്റാനാണ് ആദ്യം ശ്രമിക്കുക.

ഇ.എൻ.ടി പ്രശ്നങ്ങൾ ,തലവേദന, ഗ്ലോക്കോമ എന്നിവയ്ക്കായി ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ സൗജന്യ സ്പെഷ്യൽ ക്ളിനിക്കുകളുണ്ട്.

ആർ.സി.സി യുമായി ബന്ധപ്പെട്ട് കാൻസർ ചികിത്സാ രംഗത്തേക്കും ആയുർവേദാശുപത്രി ചുവടുവച്ചിട്ടുണ്ട്. .

ആർ.സി.സിയിലെ രോഗികൾക്ക് വേദനാരഹിത ചികിത്സക്കായി ആയുർവേദ മരുന്നുകളും കൊടുക്കുന്നുണ്ട് .20 കിടക്കുള്ള ഒരു കാൻസർ വാർഡ് തുടങ്ങാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

സർക്കാരിന്റെയും രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ സഹായത്തോടുകൂടി രണ്ട് ആധുനിക ലാബുകളും ഇവിടെ പ്രവർത്തിക്കുന്നു. തിരക്ക് കൂടിയതിനാൽ ഓൺലൈൻ വഴി രോഗികൾക്ക് ഒ.പി രജിസ്ട്രേഷനുള്ള സൗകര്യവും ഉടൻ ആരംഭിക്കും.



ആയുർവേദകോളേജ്

## മാലിന്യത്തിൽ മുങ്ങി പൗണ്ട് കടവ് :
### ഉദ്യാനമൊരുക്കാൻ ' അമൃത്'

തിരുവനന്തപുരം: മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് പൗണ്ട്കടവ് നിവാസികൾക്ക് തലവേദനയാകുന്നു. നഗരത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ലോറിയിൽ കൊണ്ടുവന്ന് നിക്ഷേപിച്ച ശേഷം ഇവിടെ വച്ച് കത്തിക്കുകയാണ് ചെയ്യുന്നത്. നഗരസഭാ ജീവനക്കാർതന്നെയാണ് ഇത് ചെയ്യുന്നതെന്നാണ് ആക്ഷേപം.

മാലിന്യം കത്തിക്കുന്നത് തടയാൻ കുറച്ചു കാലം പൊലീസ് ശ്രമിച്ചെങ്കിലും വിജയിച്ചില്ല. ഏതാനും നാളുകൾക്ക്മുൻപ് രാത്രിയിൽ മാലിന്യം നിക്ഷേപിക്കാൻ എത്തിയ വാഹനങ്ങൾ പൊലീസ് പിടികൂടിയിരുന്നു.

മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ നിർമാർജനം ചെയ്യേണ്ട മാലിന്യങ്ങളാണ് യാതൊരു നിയന്ത്രണവുമില്ലാതെ പൊതുസ്ഥലത്തിട്ട് കത്തിക്കുന്നത്. ഇലക്ട്രോണിക് സാധനങ്ങൾ മുതൽ കിടക്ക വരെ ഇതിലുണ്ട്. മാലിന്യം കത്തിക്കുന്നതിൽ നിന്നുണ്ടാകുന്ന പുക ശ്വസിച്ച് പരിസരവാസികളിൽ പലരും രോഗികളായി.


പൗണ്ട്കടവിൽ മാലിന്യം കൂട്ടിയിട്ട് കത്തിക്കുന്നു

വേളി ടൂറിസ്റ്റ് വില്ലേജിനും വേളി ടർഫിനും ഇടയിലുള്ള ഭാഗം, പാർവതീ പുത്തനാറിന്റെ തീരം എന്നിവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് മൂലം ജലാശയങ്ങളും മലിനമാവുകയാണ്. ഇതേക്കുറിച്ച് അധികൃതർക്ക് പരാതി നൽകിയെങ്കിലും പരിഹരിക്കാം എന്ന വാക്കിൽ നടപടി ഒതുങ്ങുന്നതായി നാട്ടുകാർ കുറ്റപ്പെടുത്തുന്നു.

അതേസമയം 'അമൃത്' പദ്ധതിയിലെ 'ഗ്രീൻ സ്പെയ്സ് ആൻഡ് പാർക്ക്' എന്ന വിഭാഗത്തിലുൾപ്പെടുത്തി അഞ്ചരക്കോടിയുടെ നവീകരണ പ്രവർത്തനങ്ങൾ ഇവിടെ തുടങ്ങാനിരിക്കുകയാണ്. പൗണ്ട് കടവിനും സ്റ്റേഷൻ കടവിനുമിടയിലുള്ള ഒരു കിലോമീറ്റർ പാർക്കും, കുട്ടികൾക്ക് കളിസ്ഥലങ്ങളും നിർമ്മിച്ച് പ്രദേശത്തിന്റെ മുഖച്ഛായ മാറ്റാനാണ് പരിപാടി .

## സിനിമ

- ന്യൂ (2323244) :: SCREEN 1 - മിഖായേൽ (M - 11.15, 2.30,6.15,9.30)
- SCREEN 2 - നീയും ഞാനും (M- 11.00, 2.30) PETTA (T- 6.00,9.30)
- SCREEN 3 - ഒടിയൻ (M-11.00,2.30, 6.00,9.30)
- ശ്രീകുമാർ (2331222) :: VISWASAM (T- 11.00, 2.30, 6.30, 9.30)
- ശ്രീവിശാഖ് (2331222):: PETTA (T- 11.15, 2.30, 6.15,9.30)
- ശ്രീപത്മനാഭ (2473999) :: ഞാൻ പ്രകാശൻ (M- 11.00,2.30,6.00,9.30)
- ദേവിപ്രിയ (2473999) :: മിഖായേൽ (M-11.00, 2.30,6.00,9.30)
- അജന്ത (2472825):: വിജയ് സൂപ്പറും പൗർണമിയും (M- 11.30,2.30,6.30, 9.45)
- കൃപ :: മിഖായേൽ (M- 11.45, 6.30) PETTA (T-12.30,3.00,9.45) THE SURGICAL STRIKE (H- 4.00,10.30) വിശ്വാസം (T-7.00pm)
- കലാഭവൻ :: മിഖായേൽ (M - 11.15, 2.30,6.15,9.30)
- സെൻട്രൽ (2462865) :: BARBARIAN (E - 11.30,2.30,6.30,9.30)
- കൈരളി (2332747) :: ഞാൻ പ്രകാശൻ (M- 11.15, 2.30, 6.15,9.30)
- ശ്രീ (2332747) :: എന്റെ ഉമ്മാന്റെ പേര് (M- 11.15, 2.30,6.15,9.30)
- നിള(2332747) :: JOSEPH (M- 11.15, 2.30pm) ഞാൻപ്രകാശൻ (M- 6.15pm, 9.30pm)
- ധന്യ (2476773):: KGF (T- 11.15, 2.30) നീയുംഞാനും (M-6.15,9.30)
- രമ്യ (2476773) :: PETTA (T - 11.15, 2.30,6.15,9.30)
- ARIESPLEXSL CINEMA: (0471 4066660) ::
- Audi 1- ഒടിയൻ (M-5.00 am,8.45, 12.30,4.15,8.00,11.45)
- Audi 2- ഒടിയൻ (M-11.00,1.20,4.20, 7.45,10.00)
- Audi 3- FENTASTIC BEASTS (E- 2D - 11.00) KEDARNATH (H-2D -3.00 pm) THE POSSESSION OF HANNAH GRACE (E 2D-7.15 pm) വരത്തൻ (M-10.00)
- Audi 4 - JOHNNY (T- 11.15,6.30, 10.15) CREED 2 (E- 2.45)
- Audi 5 - AQUAMAN D3 (E- 10.30, 1.30,7.30,10.30), SPIDERMAN 3D (E-4.45)
- Audi 6 - JOSEPH (M-11.00,2.00, 6.45,10.00)

## തടിക്കടയല്ല;രജിസ്ട്രാർ ഓഫീസാണേ...
### ■ ഇടപാടുകാരും ജീവനക്കാരും വലയുന്നു

▸ എസ്.ടി.ബിജു

നെടുമങ്ങാട്; നെടുമങ്ങാട് സബ് രജിസ്ട്രാർ ഓഫീസ് കണ്ടാൽ തടിയുരുപ്പടികൾ വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന കടയാണോ എന്നാരെങ്കിലും സംശയിച്ചാൽ അവരെ കുറ്റംപറയാനൊക്കില്ല. ഓഫീസിനകത്തും പുറത്തും ലക്ഷങ്ങൾ വിലപിടിപ്പുള്ള ഫർണിച്ചറുകൾ വാരിക്കൂട്ടിയിട്ടിരിക്കുകയാണ്. ജീവനക്കാർക്കും ഇടപാടുകാർക്കും നിന്നു തിരിയാൻ ഇടമില്ലാത്ത ഓഫീസിൽ മാർഗ തടസമാവുകയാണ് തേക്കിലും വീട്ടിയിലും തീർത്ത പഴയകാല തടിയുരുപ്പടികൾ. ഇരുപതോളം അലമാരികൾ,മേശകൾ, കസേരകൾ എന്നിവയ്ക്ക് പുറമെ ഉപയോഗയോഗ്യമല്ലാത്ത തടികളും കൂട്ടിയിട്ടിട്ടുണ്ട്. പൊടിപിടിച്ച അലമാരകൾക്ക് മുകളിലായി കാലുപോയ കസേരകളുമുണ്ട്.


നെടുമങ്ങാട് സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവേശന കവാടത്തിൽ തടി അലമാരികൾ അടുക്കി വച്ച നിലയിൽ

സർക്കാരാഫീസുകളുടെ കേന്ദ്രമായ റവന്യൂ ടവറിന്റെ മൂന്നാംനിലയിലാണ് സബ്‌രജിസ്ട്രാർ ഓഫീസ് സ്ഥിതിചെയ്യുന്നത്. ഭാരമേറിയ തടിയുരുപ്പടികളും മറ്റും താഴത്തെ നിലയിലേയ്ക്ക് മാറ്റാനുള്ള ബുദ്ധിമുട്ട് കാരണമാണ് നീക്കം ചെയ്യാത്തതെന്നാണ് അധികൃതരുടെ വിശദീകരണം. അലമാരകൾ മറയാക്കിയ കോണിലെ രജിസ്ട്രാറുടെ ഇരിപ്പിടത്തെ ചൊല്ലി നാട്ടുകാർക്ക് സംശയവുമുണ്ട്. ജീവനക്കാരുടെ അരികിലേക്ക് ഇടപാടുകാരനെത്താൻ കഴിയാത്ത വിധം മേശകൾ നിരത്തിയിട്ടിരിക്കുന്നുവെന്നാണ് പ്രധാന പരാതി.

കാലിയായ അലമാരകൾ നിരന്നിരിക്കുമ്പോഴും ഫയലുകളുടെ വിശ്രമകേന്ദ്രം ജീവനക്കാരന്റെ അരികിലുള്ള കസേരകളാണ്! മതിയായ വെളിച്ചവും ഓഫീസിനുള്ളിലില്ല. ആധാരം പതിക്കാനെത്തുന്നവരുടെ പേര് വിളിക്കുന്നതും പുറത്തു നിൽക്കുന്നതുമൂലം വ്യക്തമായി കേൾക്കാനാകില്ല. കഴിഞ്ഞ ദിവസം വാർദ്ധക്യ അവശതയിൽ എത്തിയയാൾ ഇക്കാര്യം ഉന്നതധികൃതരോട് രേഖാമൂലം പരാതിപ്പെട്ടു.

മറ്റ് ഓഫീസുകളിലേക്ക് പോകുന്ന ഇടനാഴിയിലാണ് രജിസ്ട്രാർ ഓഫീസിലെ ഇടപാടുകാർക്ക് ഇരിക്കാനായി കസേരയും മറ്റ് എഴുത്തുകുത്തുകൾ നടത്താനായി മേശയുമിട്ടിട്ടുള്ളത്. ആവശ്യമില്ലാത്ത സാധനങ്ങൾ ലേലംചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഇടപാടുകാരുടെ ആവശ്യം. ഇതിലൂടെ സർക്കാർ ഖജനാവിനും മുതൽക്കൂട്ടാകുമെന്നും അവർ ചൂണ്ടിക്കാട്ടുന്നു.

> " ഉപയോഗിക്കാത്ത ഫർണിച്ചറുകൾ ലേലം ചെയ്യണമെന്നാവശ്യപ്പെട്ട് മേലധികാരികൾക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പഴയമോഡൽ അലമാരികളായതിനാൽ ആവശ്യക്കാർ കുറവാണ്. മറ്റ ഓഫീസുകളിലേക്ക് മാറ്റാൻ ശ്രമിച്ചെങ്കിലും ആരും ഏൽക്കാൻ തയ്യാറല്ല"
>
> **സുനിൽകുമാർ** (സബ് രജിസ്ട്രാർ,നെടുമങ്ങാട്)

## info line

| പൊലീസ് | | ആംബുലൻസ് | | ക്രിട്ടിക്കൽ കെയർ | | | | | |
|---|---|---|---|---|---|---|---|---|---|
| ഹെൽപ്‌ലൈൻ | 9846100100 | കെംപ് | 108, നഗരസഭ.....2320821 | അനന്തപുരി | 2579900, | ഡ്രയിനേജ് | 2479502, 2303170 | ചൈൽഡ്‌ലൈൻ | 1098 |
| വനിതാ ഹെൽപ് | 9995399953 | രഞ്ജിത്ത് | 9387822267 | കിംസ് | 2447575 | വാട്ടർ അതോറിട്ടി | 2322674 | പി.എസ്.സി | 2554000 |
| ക്രൈംസ്റ്റോപ്പർ | 1090 | ശിവജി | 9605610100 | എസ്.യു.റ്റി | 4077777, 4177777 | **കെ.എസ്.ആർ.ടി.സി** | | കേരള യൂണിവേഴ്സിറ്റി | 2305994 |
| പൊലീസ് കൺട്രോൾ റൂം | 100 | അമ്മ | 9744240002 | ശിവഗിരിമിഷൻ ഹോസ്പിറ്റൽ | 0470 2602248, 2602249 | കൺട്രോൾ റൂം | 2463799 | ജില്ലാകളക്ടറേറ്റ് | 2731200 |
| സൈബർക്രൈം | 2556179 | പ്രവാസി | 9633142524 | മരുന്നുകട 24 മണിക്കൂർ (SAT) | 04712555968, 2528305 | തമ്പാനൂർ | 2323886 | ഫിംഗർടിപ്പ് | 2722722 |
| ഡി.ജി.പി | 9497999999 | **മൊബൈൽ മോർച്ചറി** | | ബ്ലഡ്ബാങ്ക് | 2528230 | കിഴക്കേകോട്ട | 2463029 | **പാമ്പിനെ പിടിക്കാൻ** | |
| കമ്മിഷണർ | 9497996991 | 9744240002, 9746100079, 2442008, 9495440853, 9605610100 | | പെറ്റ്ഡോക്ടർ | 9387810799 | തമിഴ്നാട് | 2327756 | വാവ സുരേഷ് | 9387974441 |
| റെയിൽവെ ഹെൽപ്പ് | 182 | ഫയർഫോഴ്സ് | 101 | വൈദ്യുതിശ്മശാനം | 2115088 | ആർ.ടി ഓഫീസ് | 2469223 | **ടയർ പഞ്ചർ** | |
| ട്രാഫിക് | 2558731/1099 | ചെങ്കൽചൂള | 2333101 | | | കെ.എസ്.ഇ.ബി | 1912 | ടോണി | 9387806444 |
| വിജിലൻസ് | 2305393 | ചാക്ക | 2501255 | | | ട്രെയിൻ അലർട്ട് | 9846200100 | ഹുസൈൻ | 8606396048 |
| | | | | | | നഗരസഭാ എൻക്വയറി | 2320821 | | |